2024 MARCH
12
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഓപ്പറേഷൻ ദിവ്യാസ്ത്ര; ഇന്ത്യയുടെ തദ്ദേശീയ മിസൈൽ പരീക്ഷണമായ അഗ്നി 5 വിജയം

**ന്യൂഡൽഹി:** ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച അഗ്നി 5 മിസൈൽ വിജയമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓപ്പറേഷൻ ദിവ്യാസ്ത്രയുടെ ഭാഗമായാണ് അഗ്നി 5 മിസൈൽ പരീക്ഷണം നടത്തിയത്. ആണവായുധ ശേഷിയുള്ള മിസൈലാണ് അഗ്നി 5. ഒരേസമയം ഒന്നിലധികം ലക്ഷ്യങ്ങളെ തകർക്കാൻ കഴിയുന്ന സാങ്കേതികവിദ്യയാണിത്. മിസൈൽ പരീക്ഷണം വിജയിച്ചതിൽ ഡിആർഡിഒ ശാസ്ത്രജ്ഞരെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലിന്റെ ഭൂപരിധി 5500 കിലോമീറ്ററാണ്. ഓപ്പറേഷൻ ദിവ്യാസ്ത്രയുടെ പ്രോജക്ട് ഡയറക്ടർ ഒരു വനിതയായിരുന്നു. പദ്ധതിയിൽ ഉടനീളം സ്ത്രീകളുടെ സാന്നിധ്യമുണ്ടായിരുന്നതായി സർക്കാർ വൃത്തങ്ങൾ പറയുന്നു. പരീക്ഷണം വിജയമായതോടെ ഒന്നിലധികം ലക്ഷ്യങ്ങളെ തകർക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയുള്ള രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയും ഉൾപ്പെട്ടതായി അധികൃതർ അറിയിച്ചു.

# പൗരത്വ നിയമം നിലവിൽ വന്നു

**ന്യൂഡൽഹി:** പൗരത്വ ഭേദഗതി നിയമത്തിൻറെ (സിഎഎ) ചട്ടങ്ങൾ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തു. പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ സിഎഎ നിയമത്തിൻറെ ചട്ടങ്ങൾ ആഭ്യന്തര മന്ത്രാലയം ഇന്നലെ വിജ്ഞാപനം ചെയ്തതോടെ രാജ്യത്താകെ നിലവിൽ വന്നു.നാലു വർഷം മുന്പ് 2019 ഡിസംബറിൽ പാർലമെൻറ് പാസാക്കുകയും 2020 ജനുവരി പത്തിന് രാഷ്ട്രപതി അംഗീകരിച്ചു വിജ്ഞാപനം ചെയ്തതുമാണ് പൗരത്വ നിയമ ഭേദഗതി. ചട്ടങ്ങൾ ഇന്നലെ വിജ്ഞാപനം ചെയ്തതോടെയാണു നിയമം പ്രാബല്യത്തിലായത്.




മുസ്‌ലിംകൾ ഒഴികെയുള്ള ന്യൂനപക്ഷ അഭയാർഥികൾക്കും കുടിയേറ്റക്കാർക്കും ഇന്ത്യൻ പൗരത്വം നൽകുന്നതാണ് നിയമ ഭേദഗതി. ബിജെപിയുടെ 2019ലെ പ്രകടനപത്രികയിലെ വാഗ്ദാനമായിരുന്നു ഇത്. തെരഞ്ഞെടുപ്പിനുമുന്പ് പൗരത്വ ഭേദഗതി നിയമം നടപ്പാക്കുമെന്നതിൽ സംശയം വേണ്ടെന്ന് നേരത്തേ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞിരുന്നു. രാജ്യവ്യാപക പ്രതിഷേധം നടത്തുമെന്ന് കോൺഗ്രസും സിപിഎമ്മും തൃണമൂൽ കോൺഗ്രസും അറിയിച്ചു. മതത്തിൻറെ പേരിൽ വിവേചനം നടത്തുന്നതും തുല്യാവകാശം ഉറപ്പുനൽകുന്ന ഭരണഘടനയുടെ തത്വങ്ങളെ കാറ്റിൽ പറത്തുന്നതുമായ നടപടി അംഗീകരിക്കില്ലെന്നു പ്രതിപക്ഷം വ്യക്തമാക്കി.ഇന്ത്യ സഖ്യം അധികാരത്തിലെത്തിയാൽ വിവാദ നിയമം റദ്ദാക്കുമെന്നും കോൺഗ്രസ് പ്രഖ്യാപിച്ചു. പ്രതിപക്ഷത്തിൻറെ എതിർപ്പ് ഫലത്തിൽ പാർട്ടിക്ക് അനുകൂലമായി ഭൂരിപക്ഷ വോട്ടുകളുടെ ധ്രുവീകരണത്തിന് സഹായിക്കുമെന്നാണു ബിജെപിയുടെ കണക്കുകൂട്ടൽ.

# 5,000 കോടി രൂപ സർക്കാർ ഇന്ന് കടമെടുക്കും

**തിരുവനന്തപുരം:** ഒരു മാസത്തെ ക്ഷേമ പെൻഷനായ 1,600 രൂപ സർക്കാർ ഈ മാസം 15 മുതൽ വിതരണം ചെയ്യും. സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ 6 മാസത്തെ ക്ഷേമ പെൻഷനാണു നൽകാനുള്ളത്. തിരഞ്ഞെടുപ്പ് അടുക്കുന്നതു കണക്കിലെടുത്താണു സാമ്പത്തിക പ്രതിസന്ധി നോക്കാതെ ഒരു മാസത്തെ പെൻഷൻ അടിയന്തരമായി നൽകാൻ തീരുമാനിച്ചത്. അടുത്ത മാസം മുതൽ പെൻഷൻ അതതു മാസം നൽകുമെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ വ്യക്തമാക്കി. എന്നാൽ, കുടിശിക തീർത്ത ശേഷമാണോ അതതു മാസ വിതരണം ആരംഭിക്കുകയെന്നു ധനവകുപ്പ് വ്യക്തമാക്കുന്നില്ല. ഒരു മാസത്തെ ക്ഷേമ പെൻഷൻ വിതരണത്തിനു പിന്നാലെ ഒന്നോ രണ്ടോ ഗഡു കൂടി നൽകാനും ആലോചനയുണ്ട്.

പെൻഷൻ വിതരണത്തിനും മറ്റ് അടിയന്തര ചെലവുകൾക്കുമായി 5,000 കോടി രൂപ ഇന്നു പൊതുവിപണിയിൽനിന്നു സർക്കാർ കടമെടുക്കും. 30 വർഷത്തെ തിരിച്ചടവു കാലാവധിയിൽ 2,000 കോടി രൂപയും 20 വർഷത്തേക്ക് 2,000 കോടി രൂപയും 10 വർഷത്തേക്ക് 1,000 കോടി രൂപയുമാണു കടമെടുക്കുന്നത്. സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വഴി 2 മാസത്തെ പെൻഷൻ വിതരണത്തിന് ആവശ്യമായ 1,500 കോടി രൂപ കടമെടുക്കാൻ ശ്രമിച്ചെങ്കിലും 300 കോടി മാത്രമേ ലഭിച്ചുള്ളൂ. കേരളത്തിന് അർഹമായ




13,608 കോടി രൂപ അനുവദിക്കാൻ സുപ്രീംകോടതി ഇടപെടലിനെ തുടർന്നു കേന്ദ്ര സർക്കാർ സമ്മതമറിയിച്ചിരുന്നു. ഇതിൽ 8,742 കോടി രൂപ കടമെടുക്കാൻ അനുമതിക്കത്ത് ലഭിച്ചു. ഇതിൽ നിന്നാണ് 5,000 കോടി രൂപ എടുക്കുന്നത്.

ബാക്കി 4,866 കോടി രൂപ വൈദ്യുതി വിതരണ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കിയ വകയിൽ കടമെടുക്കാൻ കഴിയുന്ന തുകയാണ്. കേന്ദ്ര ഊർജ മന്ത്രാലയത്തിൽ കിടക്കുന്ന ഈ ഫയൽ ധനവകുപ്പിലെത്തി തീരുമാനമെടുത്ത് റിസർവ് ബാങ്കിനെ അറിയിക്കുക എന്ന നടപടിക്രമം ബാക്കിയാണ്. ഇതു പൂർത്തിയാക്കാൻ ശ്രമം നടത്തുന്നുണ്ട്. 19,351 കോടിയുടെ വായ്പ കൂടി അംഗീകരിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിൻമേൽ സുപ്രീംകോടതിയുടെ തീരുമാനം കാത്തിരിക്കുകയാണു കേരളം





ഐഎംഎ കൊച്ചിയും വുമൺ ഇൻ ഐഎംഎയും സംയുക്തമായി കലൂർ ഐഎംഎ ഹൗസിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര വനിതാ ദിനാചരണവും സെമിനാറും റിട്ട.ചീഫ് ഇൻകം ടാക്സ് കമ്മീഷണർ സൂസി വർഗ്ഗീസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ.ആര്യ ശിവപ്രസാദ്, ഡോ.മേരി സൈമൺ, ഡോ.എം.എം ഹനീഷ്, ഡോ. കുര്യേപ്പ്, ഡോ.സി ജി ബിന്ദു, ഡോ.മുംതാസ് ഖാലിദ് സമീപം

# ഐഎംഎ കൊച്ചി വനിതാ ദിനാചരണം നടത്തി

**കൊച്ചി:**ഐഎംഎ കൊച്ചിയും വുമൺ വുമൺ ഇൻ ഐഎംഎയും സംയുക്തമായി 'സത്വാ ' എന്ന പേരിൽ അന്താരാഷ്ട്ര വനിതാ ദിനാചരണവും സെമിനാറും സംഘടിപ്പിച്ചു. കലൂർ ഐഎംഎ ഹൗസിൽ നടന്ന സമ്മേളനം റിട്ട.ചീഫ് ഇൻകം ടാക്സ് കമ്മീഷണർ സൂസി വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. വുമൺ ഇൻ ഐഎംഎ കൊച്ചി ചെയർപേഴ്സൺ ഡോ.മേരി സൈമൺ അധ്യക്ഷത വഹിച്ചു. ഹെവി ഡ്രൈവിംഗ് ലൈസൻസ് നേടിയ കേരളത്തിലെ ആദ്യ വനിതയും ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് ഉടമയുമായ മണിയമ്മ എന്നറിയപ്പെടുന്ന ജെ. രാധാമണിയമ്മ, ഹൗസ് ചലഞ്ച് പദ്ധതിയിലൂടെ നിരവധി പേർക്ക് വീടെന്ന സ്വപ്നം സാക്ഷാൽക്കരിച്ച തോപ്പുംപടി ഔർലേഡീസ് കോൺവെന്റ് ഗേൾസ് സ്കൂൾ പ്രിൻസിപ്പാളായിരുന്ന സിസ്റ്റർ ലിസി ചക്കാലയ്ക്കൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ്, ഐഎംഎ ഹൗസ് ചെയർമാൻ ഡോ. കുര്യേപ്പ്,വുമൺ ഐഎഎ മധ്യമേഖല കോഓർഡിനേറ്റർ ഡോ.സി ജി ബിന്ദു, കൊച്ചിൻ കോഓർഡിനേറ്റർ ഡോ.മുംതാസ് ഖാലിദ്, സെക്രട്ടറി ഡോ.ആര്യ ശിവപ്രസാദ് തുടങ്ങിയവർ സംസാരിച്ചു. വനിതകളുടെ വിവിധ ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടന്ന സെമിനാറിൽ ഡോ.ജോർജ്ജ് പോൾ, ഡോ.ഹൻസാ റാവൽ, ഡോ.മരിയ വർഗ്ഗീസ്, ഡോ,സൗമ്യാ ജഗദീശൻ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.




# ഇന്ത്യയിൽ 300 ബ്ലൂസ്ക്വയർ ഷോറൂമുകളുമായി യമഹ

**കൊച്ചി,:** രാജ്യത്തുടനീളം 300 ബ്ലൂസ്ക്വയർ ഷോറൂമുകളുടെ വിപുലമായ നെറ്റുവർക്കുകളെന്ന സുപ്രധാന നേട്ടം സ്വന്തമാക്കി ഇന്ത്യ യമഹ മോട്ടോർ. ഇന്ത്യയിൽ ആകെയുള്ള 300 ബ്ലൂസ്ക്വയർ ഷോറൂമുകളിൽ 129 ഔട്ട്ലെറ്റുകളും സൗത്ത് ഇന്ത്യയിലാണ്.ഉപഭോക്താക്കൾക്കിടയിലെ സ്വീകാര്യത ഉയർത്തുവാനും പ്രീമിയം ഇമേജ് സ്വന്തമാക്കുവാനും 2018 ൽ ആരംഭിച്ച കാൾ ഓഫ് ദി ബ്ലൂ എന്ന ബ്രാൻഡ് ക്യാംപയിനിലൂടെ യമഹയ്ക്ക് സാധിച്ചിട്ടുണ്ട്. ഈ ക്യാംപയിനിന്റെ ഭാഗമായി 2019ലാണ് ബ്ലൂ സ്ക്വയർ ഷോറൂമുകൾ എന്ന ആശയം യമഹ നടപ്പിലാക്കുന്നത്. ഇരു ചക്ര വാഹനങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കുമായി ഉപഭോക്താക്കൾക്ക് ഒരൊറ്റ പരിഹാരം എന്നതാണ് ഈ ആശയത്തിലൂടെ ലക്ഷ്യമിട്ടത്.

കാൾ ഓഫ് ദ ബ്ലൂ ക്യാംപയിനിന്റെ ഈ നിർണായകമായ നേട്ടത്തിൽ അത്യന്തം ആഹ്ലാദമുണ്ടെന്ന് യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ ഇഷീൻ ചിഹാന പറഞ്ഞു. ഉപഭോക്താക്കൾക്ക് പരിപൂർണ തൃപ്തി ഉറപ്പാക്കുകയും, സമാനതകളില്ലാത്ത ഉടമസ്ഥാനുഭവം വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന യമഹയുടെ വിട്ടുവീഴ്ചയില്ലാത്ത സമർപ്പണമാണ് ഈ ഷോറൂമുകളിലൂടെ വ്യക്തമാവുന്നത്. ഇന്ത്യൻ വിപണിയിൽ വിൽപ്പനയിലും സേവനത്തിലും പുതിയൊരു മാനദണ്ഡത്തിലേക്ക് കടക്കുവാൻ ഈ നേട്ടം ഞങ്ങളെ പ്രാപ്തരാക്കുന്നു. ഒരു റേസിംഗ് വാഹനമെന്ന നിലയിൽ യമഹയെ ഒരു ഗ്ലോബൽ ബ്രാൻഡായി ഇന്ത്യൻ വിപണിയിൽ ഇടം കണ്ടെത്തുവാനുള്ള ഞങ്ങളുടെ ശ്രമങ്ങളുടെ ഭാഗമാണ് ഇന്ത്യയിലുടനീളം ബ്ലൂസ്ക്വയർ ഷോറൂമുകൾ സജ്ജമാക്കുക എന്നത്. ഒരു ആഗോള ബ്രാൻഡ് എന്ന നിലയിൽ ഇന്ത്യയിലെ ഏതൊരു ഉപഭോക്താവിനും യമഹയുടെ സേവനങ്ങൾ പരിപൂർണമായും ലഭിക്കുന്നുണ്ടെന്ന് നാം ഉറപ്പാക്കേണ്ടതുണ്ട്. അതിനായുള്ള കൂടുതൽ വിപുലീകരണത്തിനും ഈ നേട്ടം ഞങ്ങൾക്ക് ആത്മവിശ്വാസം നൽകുന്നുവെന്നും ഇഷീൻ ചിഹാന പറഞ്ഞു.

# മഹീന്ദ്ര എക്സലൻസ് ഇൻ തിയറ്റർ അവാർഡ്സ് 14 മുതൽ ; നോമിനേഷനുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** മഹിന്ദ്ര ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 19ആമത് മഹീന്ദ്ര എക്സലൻസ് ഇൻ തിയറ്റർ അവാർഡ്സ് മാർച്ച് 14 മുതൽ 20 വരെ ദില്ലിയിൽ അരങ്ങേറും. ഇതിന്റെ ഭാഗമായി 13 വിഭാഗങ്ങളിലായി നാമനിർദ്ദേശം ചെയ്യപ്പെട്ട മികച്ച 10 നാടകങ്ങൾ പ്രഖ്യാപിച്ചു. ഇന്ത്യൻ നാടകരംഗത്തെ ഏറ്റവും മികച്ച നാടകത്തിന്റെ വിജയികളെ മാർച്ച് 20ന് ന്യൂഡൽഹിയിലെ കമാനി ഓഡിറ്റോറിയത്തിൽ വെച്ച് ചടങ്ങിൽ നാടക ലോകത്തെ പ്രമുഖർ ആദരിക്കും.

2024 സീസണിൽ കേരളം, മഹാരാഷ്ട്ര, ഡൽഹി, കർണാടക, തെലങ്കാന, തമിഴ്നാട്, അസം, മണിപ്പൂർ, രാജസ്ഥാൻ എന്നിവയെ പ്രതിനിധീകരിച്ച് 390ലധികം എൻട്രികൾ ഫെസ്റ്റിവലിന് ലഭിച്ചു. ഭൂതങ്ങൾ, അഗ്നിസുത ദ്രൗപതി, അവലാഞ്ചെ, ഡു യു നോ ദിസ് സോങ്?, ഗഗൻ ദമാമ ബജ്യോ, ഘണ്ടാ ഘണ്ടാ ഘണ്ടാ ഘണ്ടാ, ഗോപാൽ ഉറെ & കമ്പനി, ഹയവദന, രഘുനാഥ്, സിയാച്ചിൻ എന്നിവയാണ് മെറ്റാ 2024ലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട മികച്ച 10 നാടകങ്ങൾ. ഇന്ത്യൻ ചലച്ചിത്രനാടക നിരൂപകനും സാംസ്കാരിക പത്രപ്രവർത്തകനുമായ അജിത് റായി, സംഗീത നാടക അക്കാദമി അവാർഡ് സ്വീകർത്താവും നടനും സംവിധായകനും , തിരക്കഥാകൃത്തുമായ അമിതാഭ് ശ്രീവാസ്തവ്, പ്രശസ്ത ഇന്ത്യൻ ടിവി, നാടക, ചലച്ചിത്ര നടി ദീപിക അമിൻ; പ്രമുഖ പത്രപ്രവർത്തകയും നാടക നിരൂപകയുമായ സരസ്വതി നാഗരാജൻ, പ്രമുഖ ടെലിവിഷൻ, ചലച്ചിത്ര നടി സ്വരൂപ ഘോഷ് എന്നിവരായിരുന്നു ജൂറി അംഗങ്ങൾ.

# 100 കുടുംബങ്ങൾക്ക് സൗജന്യമായി നിർമിച്ച വീട് കൈമാറി ഗൃഹശോഭ പദ്ധതി

**പാലക്കാട്:** പിഎൻസി മേനോനും ശോഭാ മേനോനും ചേർന്ന് 1994ൽ സ്ഥാപിച്ച ശ്രീ കുറുംബ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് നിർധനകുടുംബങ്ങൾക്കായി നിർമിച്ച 100 വീടുകളുടെ താക്കോൽദാനം നിർവഹിച്ചു. ഗൃഹശോഭ പദ്ധതിയുടെ ഭാഗമായി വാഗ്ദാനം ചെയ്ത 1000 വീടുകളിൽ ആദ്യ 100 വിടുകളുടെ താക്കോൽദാനമാണ് നടന്നത്. ചടങ്ങിൽ വെച്ച അടുത്ത ഘട്ടത്തിൽ നിർമിക്കാനിരിക്കുന്ന 120 വീടുകളുടെ തറക്കല്ലിടലും നടന്നു. വിവിധ ജീവകാരുണ്യ പദ്ധതികളുടെ ഭാഗമായുള്ള (ശോഭ ലിമിറ്റഡിന്റെ സിഎസ്ആർ പദ്ധതികൾ ഉൾപ്പെടെ) ശോഭ കമ്മ്യൂണിറ്റി ഹോം പ്രോജക്റ്റിന്റെ 'ഗൃഹ ശോഭ 2024' ന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ പാലക്കാട് ജില്ലയിൽ സ്ത്രീകൾ നയിക്കുന്ന 220 നിർധന കുടുംബങ്ങൾക്കാണ് സൗജന്യമായി വീട് നിർമിച്ചു നൽകുന്നത്.റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി കെ. രാജൻ; പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക ക്ഷേമ, ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ; തദ്ദേശസ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് എന്നീ സംസ്ഥാന മന്ത്രിമാർ ചടങ്ങിൽ പങ്കെടുത്തു. ശ്രീ കുറുംബ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റി ശോഭ മേനോൻ ശോഭ ലിമിറ്റഡ് ചെയർമാൻ രവി മേനോൻ, എംഎൽഎമാർ, എംപിമാർ, രാഷ്ട്രീയ പാർട്ടി നേതാക്കൾ, പ്രമുഖ വ്യക്തികൾ എന്നിവരുൾപ്പെടെയുള്ളവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. കൂടാതെ, ശോഭ സിഎസ്ആർ വെബ്സൈറ്റിന്റെ ഉത്ഘാടനവും ചടങ്ങിൽ നിർവഹിച്ചു.

# ബോഷിന്റെ പുതിയ സിംഗിൾ ഡോർ റഫ്രിജറേറ്ററുകൾ



**കൊച്ചി :**ഗാർഹികോപകരണ വ്യവസായത്തിലെ മുൻ നിര കമ്പനിയായ ബോഷ് തങ്ങളുടെ സിംഗിൾഡോർ റഫ്രിജറേറ്ററുകളുടെ ശ്രേണി പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. 187 ലിറ്റർ മുതൽ 226 ലിറ്റർ വരെയുള്ള ശേഷികളിൽ ഇത് ലഭ്യമാണ്. ജർമ്മൻ ഗുണനിലവാര മാനദണ്ഡങ്ങളോടെ രൂപകൽപ്പന ചെയ്ത റഫ്രിജറേറ്ററുകൾ 10 വർഷത്തെ കംപ്രസ്സർ വാറന്റി പിന്തുണയോടെ ദീർഘകാലം ഉപയോഗിക്കാനായി നിർമ്മിച്ചതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



## ഹോണ്ട മനേസർ ഹാഫ് മാരത്തൺ രണ്ടാം പതിപ്പിന് സമാപനം

**കൊച്ചി:** റൺ ഫോർ റോഡ് സേഫ്റ്റി എന്ന മുദ്രാവാക്യവുമായി ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) സംഘടിപ്പിച്ച ഹോണ്ട മനേസർ ഹാഫ് മാരത്തണിന്റെ രണ്ടാം പതിപ്പ് വിജയകരമായി സമാപിച്ചു. 2024 മാർച്ച് 10ന് ഹരിയാന ഗുരുഗ്രാമിലെ ഐഎംടി മനേസറിലെ എച്ച്എംഎസ്ഐയുടെ ഗ്ലോബൽ റിസോഴ്സ് ഫാക്ടറിയിൽ നിന്നായിരുന്നു മാരത്തണിന്റെ ഫ് ളാഗ് ഓഫ്. ഹോണ്ട മോട്ടോർ സൈക്കിളുകളും വാഹനങ്ങളും ഉൾപ്പെടുന്ന റോഡ് അപകടങ്ങൾ 2025ഓടെ പൂജ്യത്തിലെത്തിക്കുകയെന്ന കമ്പനിയുടെ ആഗോള കാഴ്ചപ്പാടിന് അനുസൃതമായി, റോഡ് സുരക്ഷയെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനാണ് മാരത്തൺ സംഘടിപ്പിച്ചത്.

5 കി.മീ ഫൺ റൺ, 10 കി.മീ ഓട്ടം, 21.1 കി.മീ ഹാഫ് മാരത്തൺ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി 6,000ത്തിലധികം പേർ മാരത്തണിൽ പങ്കാളികളായി. പ്രശസ്ത ബോളിവുഡ് നടൻ ജിമ്മി ഷെർഗിൽ ആയിരുന്നു ചടങ്ങിലെ മുഖ്യാതിഥി. വിജയികൾക്ക് ക്യാഷ് പ്രൈസിന് പുറമെ ഷൈൻ 100, ഡിയോ 110 എന്നിവയും സമ്മാനമായി നല്കി. ലക്കി ഡ്രോ ഭാഗ്യശാലിക്ക് ഹോണ്ട സിബി350 മോഡലും സമ്മാനിച്ചു.ഹോണ്ട മനേസർ ഹാഫ് മാരത്തണിൻറെ വിജയകരമായ രണ്ടാം പതിപ്പിന് ആതിഥ്യം വഹിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും, പ്രസിഡൻറും, സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു. ഒരു റേസിനപ്പുറം എല്ലാവർക്കും സുരക്ഷിതമായ റോഡുകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു മുന്നേറ്റമായിരുന്നു ഇത്. റോഡ് സുരക്ഷയിൽ ഹോണ്ട കാണിക്കുന്ന പ്രതിബദ്ധതയുടെ തെളിവാണ് ഈ മാരത്തണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## റിട്ടയർമെന്റ് സമ്പാദ്യത്തിന് പെൻഷൻ സേവിങ്സ് പദ്ധതി

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷൂറൻസ് റിട്ടയർമെന്റ് സമ്പാദ്യത്തിനായുള്ള ഐസിഐസിഐ പ്രു ഗോൾഡ് പെൻഷൻ സേവിങ്സ് പദ്ധതി അവതരിപ്പിച്ചു. കാലാവധി എത്തുമ്പോൾ 60 ശതമാനം വരെ നികുതിരഹിതമായി പിൻവലിക്കുന്നത് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളാണ് ഇതിലൂടെ ലഭിക്കുകയെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷൂറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത് പാൽട്ട പറഞ്ഞു.മൂലധനത്തിന് സുരക്ഷയും ലിക്വിഡിറ്റി ആവശ്യങ്ങൾക്കായി ഭാഗിക പിൻവലിക്കലും നൽകുന്ന ഇന്ത്യയിലെ ആദ്യ പെൻഷൻ പദ്ധതിയാണിത്. ഉപഭോക്താക്കൾക്ക് കോംപ്ലിമെന്ററി ആരോഗ്യ പരിശോധനകളും പ്രയോജനപ്പെടുത്താം. റിട്ടയർമെന്റ് ആവശ്യത്തിനായി പടിപടിയായി സമ്പാദിക്കുകയും സാമ്പത്തിക സ്വാതന്ത്ര്യത്തോടെയുള്ള റിട്ടയർമെന്റ് ജീവിതം ഉറപ്പാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ലിക്വിഡിറ്റി ആവശ്യങ്ങൾക്കായി മൂന്നു വർഷത്തിനു ശേഷം 25 ശതമാനം വരെ പിൻവലിക്കാനും സാധിക്കും. അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന കുടുംബ ഘടനകളുടെ പശ്ചാത്തലത്തിൽ റിട്ടയർമെന്റ് പ്ലാനിങ്ങിന് ഏറെ പ്രാധാന്യമുണ്ടെന്നും അമിത് പാൽട്ട പറഞ്ഞു.

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**കൊല്ലം:** ചന്ദനത്തോപ്പ് സർക്കാർ ബേസിക് ട്രെയിനിങ് സെന്ററിൽ ഫുഡ് പ്രൊഡക്ഷൻ (ജനറൽ) ട്രേഡിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറെ തിരഞ്ഞെടുക്കുന്നതിനുള്ള അഭിമുഖം മാർച്ച് 15 രാവിലെ 11ന് നടത്തും.

ബന്ധപ്പെട്ട ടേഡിൽ എൻ ടി സി എൻ എ സി യും മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ ഹോട്ടൽ മാനേജ്മെന്റ് / കാറ്ററിങ് ടെക്നോളജിയിൽ ഡിപ്ലോമയും രണ്ട് വർഷ പ്രവർത്തി പരിചയവും അല്ലെങ്കിൽ ഹോട്ടൽ മാനേജ്മെന്റ്/ കാറ്ററിങ് ടെക്നോളജിയിൽ ഡിഗ്രിയും ഒരു വർഷത്തെ പ്രവർത്തി പരിചയവും ഫോൺ: 0474 2713099.

## മികച്ച 25 വാസ്തുവിദ്യാ സ്ഥാപനങ്ങളെ പ്രഖ്യാപിച്ചു

**കൊച്ചി:** ആർക്കിടെക്ചർ മാഗസിനായ ഡിസൈനർ പ്ലസ് ബിൽഡർ കേരളത്തിലെ 25 പ്രമുഖ വാസ്തുവിദ്യാ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു. പ്രമുഖ വാസ്തുകലാ അധ്യാപകരായ പ്രൊഫ.കെ. നാരായണനും പ്രൊഫ. ജേക്കബ് ചാണ്ടിയും ബ്രാൻഡ് കൺസൾട്ടന്റായ പി.കെ ശശിധരനും അടങ്ങുന്ന ജൂറിയാണ് കേരളത്തിലെ വാസ്തുവിദ്യാ മേഖലയിൽ സവിശേഷ സ്വാധീനം ചെലുത്തിയ 25 ആർക്കിടെക്ചറൽ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്. ഗുണനിലവാരത്തിനൊപ്പം സുസ്ഥിരതയ്ക്കും പരിസ്ഥിതി സംരക്ഷണത്തിനും നൽകിയ സംഭാവനകളും സാമൂഹിക പ്രതിബദ്ധതയോടെയുള്ള പ്രവർത്തനങ്ങളും പരിഗണിച്ചാണ് മൂല്യം നിർണയിച്ചത്. ആർക്കിടെക്റ്റുമാർക്കും ആർക്കിടെക്ചർ മേഖലയുമായി പ്രവർത്തിക്കുന്നവർക്കും പൊതുജനങ്ങൾക്കും ഗൂഗിൾ ഫോം നൽകിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്. 2024 ജനുവരി 1 മുതൽ 31 വരെയാണ് നോമിനേഷനുകൾ സ്വീകരിച്ചത്.

ആർക്കിടെക്റ്റുമാരായ ബാബു ചെറിയാൻ (ബിസിഎ, കോഴിക്കോട് ), കെ. ചന്ദ്രമോഹൻ (ചന്ദ്രമോഹൻ അസോസിയയേറ്റ്സ്, തിരുവനന്തപുരം), എസ് . ഗോപകുമാർ (കുമാർ ഗ്രൂപ്പ് ടോട്ടൽ ഡിസൈനേഴ്സ് , കൊച്ചി), ഡോ.ഗോപാൽ ശങ്കർ (ഹാബിറ്റാറ്റ് ടെക്നോളജി, തിരുവനന്തപുരം), ഗുരുപ്രസാദ് റാണെ, പി.മാനസി (ഭൂമിജ ക്രിയേഷൻസ്, പാലക്കാട്), കെ.ബി ജയകൃഷ്ണൻ, ചിത്ര നായർ (ജെഎസിജെആർ ഡിസൈൻ കമ്മ്യൂണിറ്റി, തിരുവനന്തപുരം), ജിബു ജോൺ, തോമസ് കെ ജോർജ് (ജിബു ആൻഡ് തോമസ് ആർക്കിറ്റടെക്റ്റ്സ്, കൊച്ചി), ലാലിച്ചൻ സക്കറിയാസ് (ലാലിച്ചൻ സക്കറിയാസ് അറ്റ്ലിയർ, കൊച്ചി), ലത രാമൻ ജയ്ഗോപാൽ (ഇൻസ്പിരേഷൻ, കൊച്ചി), ലിജോ ജോസ്, റെനി ലിജോ (ലിജോ.റെനി ആർക്കിടെ ക്റ്റ്സ്, തൃശൂർ), എൻ.മഹേഷ് (അയ്യർ ആൻഡ് മഹേഷ് ആർക്കിടെക്റ്റ്സ് & ഇന്റീരിയർ ഡിസൈനേഴ്സ് , തിരുവനന്തപുരം), നിമിഷ ഹക്കിം, ബ്രിജേഷ് ഷൈജൽ (ഡി എ സി , കോഴിക്കോട്), എം.നിഷാൻ, പി.പി വിവേക് (ഡി എർത്ത്, കോഴിക്കോട്), നൗഫൽ സി ഹാഷിം (ടു ഐ ആർക്കിടെക്റ്റ്സ്, കോഴിക്കോട്), എ.കെ പ്രശാന്ത് (പ്രശാന്ത് ആൻഡ് അസോസിയേറ്റ്സ്, കോഴിക്കോട്), രമേഷ് തരകൻ, പുന്നൻ സി മാത്യു, മോണോലിത്ത ചാറ്റർജി (ഡിസൈൻ കമ്പയിൻ, കൊച്ചി), സെബാസ്റ്റ്യൻ ജോസ് (ശിൽപി ആർക്കിടെക്റ്റ്സ് , കൊച്ചി), ശ്രീജിത്ത് ശ്രീനിവാസ് (ശ്രീജിത് ശ്രീനിവാസ് ആർക്കിടെക്റ്റ്സ്, തിരുവനന്തപുരം), പി.ടി സുഭാഷ് ( ഫോം പ്ലസ് ആർക്കിടെക്റ്റ്സ്, കോഴിക്കോട്), സുധീർ ബാലകൃഷ്ണപിള്ള (ആർക്കിടെക്റ്റ്സ് കൺസോർഷ്യം, തിരുവനന്തപുരം), ശ്യാം കുമാർ പുറവങ്കര (ഫോംസ് ആൻഡ് സ്പേസസ്, കാസർഗോഡ്), ടോണി ജോസഫ് (സ്ഥപതി, കോഴിക്കോട്), വിനോദ് പി സിറിയക്, അനിത ചൗധരി (സ്പേസ് ആർട്ട്, കോഴിക്കോട്), എം.എം വിനോദ്കുമാർ, ഡി ഡി ആർക്കിടെക്റ്റ്സ് തൃശൂർ, വിനു ഡാനിയേൽ (വാൾമേക്കേഴ്സ് ആർക്കിടെക്റ്റ്സ് കൊച്ചി) എന്നിവയാണ് തെരഞ്ഞെടുക്കപ്പെട്ട ആർക്കിടെക്ചർ സ്ഥാപനങ്ങൾ.



## വുഡ് ഫിനിഷ് എസി, റഫ്രിജറേറ്റർ ശ്രേണിയുമായി ഗോദ്റെജ് അപ്ലയൻസസ്

**കൊച്ചി:** ഗോദ്റെജ് ഗ്രൂപ്പിന്റെ ഫ്ളാഗ്ഷിപ്പ് കമ്പനിയായ ഗോദ്റെജ് ആൻറ് ബോയ്സിൻറെ ഭാഗമായ ഗോദ്റെജ് അപ്ലയൻസസ് പ്രകൃതിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് വികസിപ്പിച്ചെടുത്ത വുഡ് ഫിനിഷ് ഹോം അപ്ലയൻസസുകളുടെ പുതിയ ശ്രേണിയായ ഇയോൺ വോഗ് അവതരിപ്പിച്ചു. സൗന്ദര്യ സങ്കൽപവും സാങ്കേതികവിദ്യയും കോർത്തിണക്കി സമകാലിക വീടുകളുടെ രൂപകൽപനയ്ക്ക് അനുയോജ്യമായ ആധുനിക റഫ്രിജറേറ്ററുകളും എയർ കണ്ടീഷണറുകളും അടങ്ങിയതാണ് ഈ ശ്രേണി.എല്ലാം മികച്ച ചിന്തയോടെ നിർമിക്കുക എന്ന ഗോദ്റെജിൻറെ രീതിയ്ക്ക് അനുസൃതമായി അവതിരിപ്പിക്കുന്ന പുതുമകളാണ് ഗോദ്റെജ് ഇയോൺ വോഗ് ശ്രേണിയിലെ വുഡ് ഫിനിഷ് ശ്രേണിയിലുള്ള റഫ്രിജറേറ്ററുകളും എയർ കണ്ടീഷണറുകളും. മറ്റ് പ്രീമിയം ഉത്പന്നങ്ങൾ കൂടി വിപണിയിൽ എത്തിക്കുന്നതോടെ പ്രീമിയം വിഭാഗത്തിൻറെ സംഭാവന 45ൽ നിന്ന് 55 ശതമാനമായി ഉയർത്താനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതിയ ഉത്പന്ന നിരയോടെ പ വേനൽക്കാല വിൽപ്പനയിൽ 20 ശതമാനം വർധനവും പ്രതീക്ഷിക്കുന്നതായി ഗോദ്റെജ് അപ്ലയൻസസ് എക്സിക്യൂട്ടീവ് പ്രസിഡൻറും ബിസിനസ് മേധാവിയുമായ കമൽ നന്ദി പറഞ്ഞു.ഓക്ക്, വാൾനട്ട് വുഡ് എന്നിങ്ങനെ രണ്ട് നിറങ്ങളിലാണ് ഗോദ്റെജ് ഇയോൺ വോഗ് ശ്രേണിയിലെ റഫ്രിജറേറ്ററുകൾ. 272 ലിറ്റർ, 244 ലിറ്റർ എന്നിങ്ങനെയാണ് ശേഷി. 27,000 രൂപ മുതൽ 32,000 രൂപ വരെയാണ് വില. നാനോ ഷീൽഡ് ഡിസ്ഇൻഫെക്ഷൻ സാങ്കേതികവിദ്യയിലൂടെ 95 ശതമാനത്തിലേറെ സർഫസ് ഡിസ്ഇൻഫെക്ഷനുമായാണ് ഈ റഫ്രിജറേറ്ററുകൾ എത്തുന്നത്. സൈപ്രസ്, തേക്ക്, മഹാഗണി എന്നിങ്ങനെ മൂന്ന് നിറങ്ങളിൽ എയർ കണ്ടീഷണറുകൾ ലഭ്യമാണ്. 1.5 ടൺ എ.സി.ക്ക് 35,000 രൂപ മുതൽ 38,000 രൂപ വരെയാണ് വില. ഇതിലെ 5 ഇൻ 1 കൺവർട്ടബിൾ സാങ്കേതികവിദ്യയിലൂടെ വൈദ്യുതി ലാഭിക്കാനും സാധിക്കും. 4വേ സ്വിങ്, 52 ഡിഗ്രിയിലും ഹെവി ഡ്യൂട്ടി കൂളിങ്ങും ഇതിലുണ്ട്. കുറഞ്ഞ് ഗ്ലോബൽ വാമിംഗ് റഫ്രജൻറായ ആർ32 ആണ് ഈ എസികളിൽ ഉപയോഗിക്കുന്നത്.



# കോഴിക്കോട് ആസ്റ്റർ മിംസിൽ ഹൃദയപൂർവ്വം 2.0 സംഘടിപ്പിച്ചു

**കോഴിക്കോട്:** ഹൃദയ സംബന്ധമായ അസുഖങ്ങളോടെ ജനിച്ചു ചികിത്സകളിലൂടെയും, ശസ്ത്രക്രിയയിലൂടെയും പുനർജ്ജന്മം നേടിയ കുട്ടികളും മാതാപിതാക്കളുമായിരുന്നു കൂട്ടായ്മയിൽ പങ്കെടുത്തത്.ചലച്ചിത്ര താരം ജ്യുവൽ മേരി ഉദ്ഘാടനം ചെയ്തു.

കുട്ടികളോടൊപ്പം പാട്ടുപാടിയും നൃത്തംവെച്ചും സന്തോഷം പങ്കിട്ട ജ്യൂവൽ മേരി ഓരോ നിമിഷവും സന്തോഷം കണ്ടെത്താൻ നാം പരിശ്രമിക്കണമെന്നും, കുട്ടികളോടൊപ്പം കുട്ടികളെപ്പോലെ നൃത്തം വയ്ക്കുന്ന ഡോക്ടർമാരെ കാണുന്നത് ചുരുക്കമാണെന്നും പറഞ്ഞു.

പീഡിയാട്രിക് കാർഡിയോളജി, പീഡിയാട്രിക് കാർഡിയാക് സർജറി, കാർഡിയാക് അനസ്തേഷ്യ വിഭാഗങ്ങളിലായി പ്രാഗത്ഭ്യം തെളിയിച്ച 11 ഡോക്ടർമാരും, വിദഗ്ധ പരിശീലനം ലഭിച്ച നഴ്സുമാർ ടെക്നോളജിസ്റ്റുകൾ മുതലായവരുടെ സേവനവും ഉത്തരകേരളത്തിൽ കുട്ടികളുടെ ഹൃദയ ചികിത്സാരംഗത്ത് കോഴിക്കോട് ആസ്റ്റർ മിംസിനെ മുൻപന്തിയിൽ നിർത്തുന്നു.

ഇക്കാലയളവിൽ ഏഴായിരത്തോളം കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയയും, ഇന്റെർവെൻഷനൽ പ്രോസിജറുകളും ഉൾപ്പെടെയുള്ള ഹൃദയ സംബന്ധമായ ചികിത്സകൾ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ഹൃദ്യം പദ്ധതി, ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹായം ഉൾപ്പെടെ നിരവധി ചികിത്സാ സഹായങ്ങളിലൂടെ സൗജന്യ ചികിത്സ നേടിയവരാണ് ഏറെപ്പേരും.ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊൻമാടത്ത്, കുട്ടികളുടെ ഹൃദ്രോഗ വിഭാഗം മേധാവി ഡോ. രേണു പി കുറുപ്പ്, കൺസൾട്ടന്റ് മാരായ ഡോ രമാദേവി, ഡോ പ്രിയ പി എസ്, കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയാ വിഭാഗം മേധാവി ഡോ ഗിരീഷ് വാര്യർ, സീനിയർ കൺസൾട്ടന്റ് ഡോ ശബരിനാഥ് മേനോൻ, മാധ്യമം ഡെപ്യൂട്ടി എഡിറ്റർ പി എ അബ്ദുൽ ഗഫൂർ, മെറാൽഡ ജൂവലറി ഫൗണ്ടർ & ചെയർമാൻ അബ്ദുൽ ജലീൽ ഇടത്തിൽ, കുട്ടികളുടെ ചികിത്സാ വിഭാഗം തലവൻ ഡോ സുരേഷ്കുമാർ, കൺസൾട്ടന്റ് ഡോ സുധാ കൃഷ്ണനുണ്ണി, തുടങ്ങിയവർ സംസാരിച്ചു.

# എലിവേറ്റർ & എസ്കലേറ്റർ സേഫ്റ്റി ട്രസ്റ്റ് 15 വർഷം പൂർത്തിയാക്കി

**കൊച്ചി:** എലിവേറ്റർ, എസ്കലേറ്റർ ഉപയോക്താക്കൾക്കിടയിൽ സുരക്ഷാ അവബോധം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ചാരിറ്റബിൾ എഡ്യൂക്കേഷൻ ട്രസ്റ്റായ എലിവേറ്റർ ആൻഡ് എസ്കലേറ്റർ സേഫ്റ്റി ട്രസ്റ്റ് (ഇഇഎസ്ടി) പ്രവർത്തനം 15 വർഷം പിന്നിട്ടു.2008 ൽ സ്ഥാപിതമായ എലിവേറ്റർ & എസ്കലേറ്റർ സേഫ്റ്റി ട്രസ്റ്റ് 15 വർഷത്തിലേറെയായി സ്കൂളുകൾ, ആശുപത്രികൾ, മാളുകൾ, ഹൗസിംഗ് സൊസൈറ്റികൾ എന്നിവയിലുടനീളം സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

വിവിധ തലങ്ങളിൽ നിന്നുള്ള 4,50,000ലധികം ആളുകളിൽ എത്തിച്ചേരുകയും സ്വാധീനിക്കുകയും അവരുടെ പ്രാദേശിക ഭാഷകളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുന്ന ഇഇഎസ്ടി, തങ്ങളുടെ സുരക്ഷാ മൊഡ്യൂളായ 'ദ സേഫ്ടി റൈഡർ' എന്ന വിഡിയോ ഇംഗ്ലീഷ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, മറാത്തി, തമിഴ്, കന്നഡ, മലയാളം, തെലുങ്ക് എന്നീ 8 ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്.ജോൺസൺ ലിഫ്റ്റ്സ്, ഒടിഎസ് എലിവേറ്ററുകൾ, ടികെ എലിവേറ്റർ ഇന്ത്യ, സിറ്റി ലിഫ്റ്റ്സ്, ഫുജിടെക് ഇന്ത്യ, ഹിറ്റാച്ചി ലിഫ്റ്റ്സ്, ഷിൻഡ്ലർ ഇന്ത്യ, തോഷിബ ജോൺസൺ എലിവേറ്റേഴ്സ് ഇന്ത്യ എന്നിവയാണ് ഇഇഎസ്ടിയെ പിന്തുണയ്ക്കുന്ന എലിവേറ്റർ കമ്പനികൾ.പൊതുജനങ്ങളെ, പ്രത്യേകിച്ച് ചെറിയ കുട്ടികളെ ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും സുരക്ഷിതമായ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് .ഇഇഎസ്ടി ഘടനാപരമായ രീതിയും പ്രക്രിയയും നൽകുന്നുവെന്ന് ജോൺസൺ ലിഫ്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജെ.കെ. ജോൺ പറഞ്ഞു.

നമ്മുടെ ദൈനംദിന ജീവിതത്തിൽ ലംബമായ ഗതാഗത ഉപകരണങ്ങൾ സർവ്വവ്യാപിയായിക്കൊണ്ടിരിക്കുന്ന നിലവിലെ പരിതസ്ഥിതിയിൽ, സുരക്ഷിതവും ശരിയായതുമായ ഉപയോഗം പരക്കെ അറിയപ്പെടേണ്ടത് അത്യാവശ്യമാണ്. ജീവൻ വിലപ്പെട്ടതാണ്, സുരക്ഷിതത്വം അമൂല്യമാണ്; കഴിഞ്ഞ 15 വർഷമായി സുരക്ഷ പ്രോത്സാഹിപ്പിക്കുന്നതിൽ എലിവേറ്റർ വ്യവസായത്തിന് നൽകുന്ന മികച്ച സേവനത്തിന് 'ഇഇഎസ്ടിക്കു അഭിനന്ദനങ്ങൾ. ഇന്ത്യയിൽ 'ഇഇഎസ്ടി ആരംഭിച്ചതുമുതൽ 'ഇഇഎസ്ടിയുമായി ബന്ധപ്പെട്ടതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്,

കൂടാതെ വർഷങ്ങളായി 1,30,000 വിദ്യാർത്ഥികളിലേക്ക് എലിവേറ്റർ സുരക്ഷ വ്യാപിപ്പിച്ചതായി അറിയിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ഓട്ടിസ് ഇന്ത്യ പ്രസിഡന്റ് സെബി ജോസ്ഫ് പറഞ്ഞു.



# ടർട്ൽ വാക്സ് ഇന്ത്യ കാർ കെയർ സ്റ്റുഡിയോ തിരുവനന്തപുരത്ത് തുറന്നു

**തിരുവനന്തപുരം:** ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന 75 വർഷം പാരമ്പര്യമുള്ള അമേരിക്കൻ കാർ കെയർ ബ്രാൻഡായ ടർട്ൽ വാക്സിന്റെ ഭാഗമായ ടർട്ൽ വാക്സ് ആർസിഡി കാർ ഡീറ്റെയിലിംഗുമായിച്ചേർന്ന് ഉള്ളൂർ ആക്കുളം റോഡിൽ പുതിയ കാർ കെയർ സ്റ്റുഡിയോ തുറന്നു. ടർട്ൽ വാക്സ് ഗ്ലോബൽ സിഇഒയും ചെയർമാനുമായ ഡെനിസ് ജോൺ ഹീലി ഉദ്ഘാടനം ചെയ്തു. ടർട്ൽ വാക്സ് ഇഎംഎഎ ഡെപ്യൂട്ടി എംഡിയും ഗ്ലോബൽ എച്ച്ആർ വിപിയുമായ റോബിൻ ആസ്റ്റൺ, ടർട്ൽ വാക്സ് കാർ കെയർ ഇന്ത്യാ എംഡി സാജൻ മുരളി, തിരുവനന്തപുരം ഡെപ്യൂട്ടി മേയർ പി കെ രാജു, കൗൺസിലർ ഡി ആർ അനിൽ തുടങ്ങിയവർ പങ്കെടുത്തു. പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ സഹായത്തോടെ അത്യാധുനിക ടർട്ൽ വാക്സ് ഡീറ്റെയ്ലിംഗ് ടെക്നോളജിയും ഉപയോഗിക്കാൻ എളുപ്പവുമായ ടർട്ൽ വാക്സ് ഉൽപ്പന്നങ്ങളും അവ ഉപയോഗിച്ചുള്ള ഡിറ്റെയിലിംഗ് സേവനങ്ങളുമാണ് ടർട്ൽ വാക്സിന്റെ പുതിയ കാർകെയർ സ്റ്റുഡിയോയിൽ ലഭ്യമാവുകയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഷോൾഡർ ആൻഡ് എൽബോ സൊസൈറ്റി ഓഫ് കേരളയ്ക്ക് പുതിയ നേതൃത്വം

**കൊച്ചി:** ഷോൾഡർ ആൻഡ് എൽബോ സൊസൈറ്റി ഓഫ് കേരള ചാപ്റ്റർപ്രസിഡന്റായി ഡോ. ജോൺ തയ്യിൽ ജോണിനെയും സെക്രട്ടറിയായി ഡോ. പ്രവീൺ കുമാറിനെയും തിരഞ്ഞെടുത്തു. കൊച്ചി ലൂർദ് ഹോസ്പിറ്റലിലെ ഓർത്തോപീഡിക് വിഭാഗം മേധാവിയാണ് ഡോ. ജോൺ തയ്യിൽ ജോൺ. ഡോ. പ്രവീൺ കുമാർ കിൻഡർ ഹോസ്പിറ്റലിൽ ഓർത്തോപീഡിക് വിഭാഗം തലവനായി സേവനമനുഷ്ഠിക്കുന്നു.തോളിന്റെ വൈകല്യങ്ങൾ ചർച്ച ചെയ്യാൻ സംഘടിപ്പിച്ച സൊസൈറ്റിയുടെ വാർഷിക സമ്മേളനത്തിലാണ് ഷോൾഡർ ആൻഡ് എൽബോ സൊസൈറ്റിയുടെ ദേശീയ പ്രസിഡൻറ് ഡോ.ദീപ്തി നന്ദന്റെ സാന്നിദ്ധ്യത്തിൽ പുതിയ സാരഥികൾ ചുമതലയേറ്റത്. രോഗ പരിചരണ നിലവാരം വർധിപ്പിക്കുക, തോളും കൈമുട്ടുമായി ബന്ധപ്പെട്ട അവസ്ഥകളുടെ രോഗനിർണയത്തിലും ചികിത്സയിലും മികവ് പ്രോത്സാഹിപ്പിക്കുക എന്നീ ദൗത്യങ്ങളാണ് സൊസൈറ്റി ലക്ഷ്യമിടുന്നത്.

# സ്ലൈസ് ബ്രാൻഡ് അംബാസഡറായി നയൻതാര



**കൊച്ചി:** സ്ലൈസിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി ചലച്ചിത്ര താരം നയൻതാര. നയൻതാര ഭാഗമാകുന്ന ആദ്യ ക്യാമ്പയിൻ 'റാസ് ഐസകി ബസ് ന ചലേഗ' ആരംഭിച്ചു. യഥാർത്ഥ മാമ്പഴ ആസ്വാദനത്തിന്റെ സാരാംശം പറയുന്ന പരസ്യത്തിലൂടെയാണ് ക്യാമ്പയിന് തുടക്കം കുറിച്ചത്.ഒരു ബ്രാൻഡ് എന്ന നിലയിൽ, ഏറ്റവും ആധികാരികമായ മാമ്പഴാനുഭവം നൽകുന്നതിന് സമർപ്പിതമായ സ്ലൈസിന് ഇന്ത്യൻ വിപണിയിൽ വലിയ ബഹുമാനമുണ്ടെന്ന് കാമ്പെയ്നിനെക്കുറിച്ച് സംസാരിച്ച പെപ്സികോ ഇന്ത്യയുടെ സ്ലൈസ് ആൻഡ് ട്രോപ്പിക്കാന അസോസിയേറ്റ് ഡയറക്ടർ അനൂജ് ഗോയൽ പറഞ്ഞു. തന്റെ ഹൃദയത്തിൽ പ്രത്യേക സ്ഥാനം വഹിക്കുന്ന ബ്രാൻഡായ സ്ലൈസുമായി പങ്കാളിയാകുന്നതിൽ താൻ തികച്ചും ത്രില്ലിലാണെന്ന് നയൻതാര പറഞ്ഞു.




# നിർമ്മിത ബുദ്ധിയിലൂടെ തർജ്ജമയും ഡിടിപിയും ചെയ്യാം, വൻ കുതിപ്പുമായി ഡിടിപി എഐ

**കൊച്ചി:** കെഎസ് യുഎം സ്റ്റാർട്ടപ്പായ ആൾഇൻ സോണിൻറെ ഫോട്ടോയിലൂടെയും സ്കാനിംഗിലൂടെയും അക്ഷരങ്ങളെ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്ന ഡിടിപി എഐ എന്ന പുതിയ ഉത്പന്നത്തിന് വൻ പ്രതികരണം. പുറത്തിറക്കി ആദ്യ മാസത്തിൽ തന്നെ 100 ലധികം ഉപഭോക്താക്കളാണ് ഈ ഉത്പന്നത്തിൻറെ സേവനം ലഭ്യമാക്കിയിരിക്കുന്നത്.വിപുലമായ ഉപഭോക്തൃ സാധ്യതയാണ് ഡിടിപി എഐയ്ക്കുള്ളത്. പ്രിൻറിംഗ്, പ്രസ് മീഡിയ, എഡ്യു ടെക്, അധ്യാപകർ, അഭിഭാഷകർ, വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവർക്കൊക്കെ ഈ ഉത്പന്നം വലിയ തോതിൽ ഗുണകരമാകും.ഒരു പുസ്തകത്തിൻറെ ഫോട്ടോയിൽ നിന്നോ പിഡിഎഫ് ഡോക്യുമൻറിൽ നിന്നോ എഡിറ്റ് ചെയ്യാവുന്ന രീതിയിലേക്ക് അക്ഷരങ്ങളെ പരിണമിപ്പിക്കുകയാണ് ഇത് ചെയ്യുന്നത്. ഇതു കൂടാതെ മലയാളമടക്കം 130 ൽപരം ഭാഷകളിൽ നിന്ന് ഇംഗ്ലീഷിലേക്കും തിരിച്ചും തർജ്ജിമ ചെയ്യാനും ഇതിലൂടെസാധിക്കുമെന്ന് കമ്പനിയുടെ സ്ഥാപകനും സിഇഒയുമായ നിതിൻ പത്രോസ് പറഞ്ഞു.ഉപഭോക്താക്കളുടെ മികച്ച പ്രതികരണം ഇതിൻറെ വർധിച്ചു വരുന്ന ആവശ്യകതയെ കാണിക്കുന്നു. ഈ ഉത്പന്നത്തെ കൂടുതൽ മികവുറ്റതാക്കാനും കൂടുതൽ ഫീച്ചറുകൾ കൂട്ടിച്ചേർക്കാനും ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.സാധാരണ ഉപയോഗം മുതൽ പ്രീമിയം വേർഷൻ വരെ ഡിടിപി എഐയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഭൗതികമോ ഡിജിറ്റലോ ആയ ഡോക്യുമൻറുകൾ നിമിഷ നേരം കൊണ്ട് എഡിറ്റ് ചെയ്യാവുന്ന ഡിജിറ്റൽ ഫോർമാറ്റിലേക്ക് മാറ്റാൻ കഴിയുന്നതിലൂടെ സമയലാഭം ഏറെയുണ്ടാകും. മാത്രമല്ല, വിശ്വസനീയവും കൃത്യവുമായ വിവരങ്ങൾ ലഭിക്കുമെന്നും ഇതിൻറെ പ്രത്യേകതയാണ്.www.dtpai.in എന്ന വെബ്സൈറ്റിലൂടെ ഇതിൻറെ സേവനങ്ങൾ ഉപഭോക്താക്കൾക്ക് നേടാവുന്നതാണ്.




# അസറ്റ് ഹോംസിന്റെ സുരക്ഷാ ക്യാമ്പയിന് തുടക്കമായി

**കൊച്ചി:** ദേശീയ സുരക്ഷാ വാരാഘോഷത്തിന്റെ ഭാഗമായി അസറ്റ് ഹോംസ് സുരക്ഷാ ക്യാമ്പയിൻ നടത്തി. അപകടരഹിതമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനു ലക്ഷ്യമിട്ടുള്ള ഡ്രൈവ് റ്റു സീറോ ഹാം ക്യാമ്പെയിനിന്റെ ലോഗോ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ നിതീഷ് ദേവരാജ് പ്രകാശനം ചെയ്തു. അസറ്റ് ഹോംസിന്റെ നിർമാണം പുരോഗമിക്കുന്ന മുപ്പതിലേറെ വരുന്ന പ്രൊജക്റ്റ് സൈറ്റുകളിൽ ആചരിക്കുന്ന സുരക്ഷാ വാരം അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ വി. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. വാരാചരണത്തിന്റെ ഭാഗമായി കമ്പനിയുടെ സൈറ്റുകളിലും ഓഫീസുകളിലും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്റർ, ലേബർ ഡിപ്പാർട്ട്മെന്റ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സുരക്ഷാ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കൊച്ചിയിൽ നടന്ന സമാപന പരിപാടിയിൽ നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്റർ ഹോണററി സെക്രട്ടറി എ എൽ ജാക്സൺ, ഫാക്ട് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് എജിഎം (റിട്ട.) ജയകുമാർ ഗോപിനാഥൻ പിള്ള എന്നിവർ പ്രസംഗിച്ചു. കഴിഞ്ഞ വർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച സൈറ്റുകൾ, വ്യക്തികൾ, സുരക്ഷാ വാരാഘോഷത്തിന്റെ ഭാഗമായി നടന്ന മത്സരങ്ങളിൽ വിജയിച്ചവർ എന്നിവർക്കുള്ള സമ്മാനങ്ങളും ഈ വർഷത്തെ നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്റർ അവാർഡ് ലഭിച്ച അസറ്റ് ഹോംസിന്റെ രണ്ട് പ്രോജക്റ്റുകളുടെ ചുമതലക്കാർക്കുള്ള അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. അസറ്റ് ഹോംസ് സിഇഒ ടോണി ജോൺ, സിടിഒ മഹേഷ് എൽ, ചീഫ് എൻജിനീയർ ക്വസ്റ്റ് ഗ്ലിസൺ ജോർജ്, തുടങ്ങിവർ പരിപാടിയിൽ പങ്കെടുത്തു.

# ട്രയോ റേഞ്ച് ഓഫ് ലൈറ്റുകളുമായി ക്രോംപ്ടൺ

**കൊച്ചി:** പുതിയ പ്രീമിയം ശ്രേണിയായ ട്രയോ റേഞ്ച് ഓഫ് ലൈറ്റുകൾ പുറത്തിറക്കി ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ്. വിപണിയിൽ ആദ്യമായി ഇറങ്ങുന്ന ട്രയോ റേഞ്ചിൽ ഒരൊറ്റ ഉൽപ്പന്നത്തിൽ നിന്ന് മൂന്ന് വ്യത്യസ്ത ലൈറ്റിംഗ് വാഗ്ദാനം ചെയ്യുന്നുവയാണ്. സീലിംഗ് ലൈറ്റുകൾ, ബാറ്റണുകൾ മുതൽ വിളക്കുകൾ വരെയുള്ള ശ്രേണിയിൽ ഓരോന്നും അലങ്കാരത്തിനും മറ്റു ആവശ്യങ്ങൾക്കുമായി രൂപകൽപ്പന ചെയ്തിരിക്കുന്നു.




വീടുകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ, ചെറിയ ഓഫീസുകൾ എന്നിവയുൾപ്പെടെ വിവിധ സ്ഥലങ്ങളിലെ ക്രമീകരണങ്ങൾക്ക് അനുയോജ്യമാണ്. പ്രവർത്തനക്ഷമതയും നൂതന ശൈലിയും ഉൾക്കൊള്ളുന്ന എൽഇഡി ലൈറ്റുകളുടെ ട്രയോ റേഞ്ച് ലിവിംഗ് സ്പെയ്സുകളുടെ നിലവാരമുയ4ത്തുന്നു. തിയേറ്റർ, വർക്ക്, പാർട്ടി എന്നിങ്ങനെ മൂന്ന് വ്യത്യസ്ത രീതികൾക്കായി ഒരു ബട്ടണിന്റെ ക്ലിക്കിലൂടെ കൂൾ, വാം, നാച്ചുറൽ ലൈറ്റുകളിലൂടെ വൈവിധ്യമാർന്ന മൂഡുകൾക്കും അവസരങ്ങൾക്കും അനുയോജ്യമാണ് ട്രയോ റേഞ്ച് ലൈറ്റിംഗ്. മൂന്ന് ശ്രേണികളും ഒരു സ്വിച്ചിന്റെ ഒരു ക്ലിക്കിലൂടെ ഫോക്കസ്, തിയേറ്റർ, ഹൈബ്രിഡ് എന്നീ മൂന്നു മോഡുകളിലേക്ക് മാറ്റാം.ഗുണനിലവാരവും പുതുമയും എല്ലായ്പ്പോഴും കൈകോർക്കുകയാണെന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിലെ ലൈറ്റിംഗ് വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ ഷലീൻ നായക് പറഞ്ഞു. ആളുകൾ അവരുടെ വീടുകളിലും ജോലിസ്ഥലങ്ങളിലും ലൈറ്റുകളുമായി ഇടപഴകുന്ന രീതി പുനർനിർവചിക്കാനാണ് ട്രയോ റേഞ്ച് ലക്ഷ്യമിടുന്നത്. വൈവിധ്യമാർന്ന ലൈറ്റിംഗ് അനുഭവങ്ങൾ ഒന്നിച്ചുചേരുന്നതിലൂടെ, ഉപഭോക്താക്കളുടെ ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്തുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു. ട്രയോ 15ഡബ്ള്യു എൽഇഡി സീലിംഗ് ലൈറ്റ് 1400 രൂപക്കും, ട്രയോ 22ഡബ്ള്യു എൽഇഡി ബാറ്റൺ ലൈറ്റ് 1499 രൂപക്കും, ട്രയോ 12ഡബ്ള്യു എൽഇഡി ലാമ്പ് 375 രൂപക്കും ഇന്ത്യയിലുടനീളമുള്ള ക്രോംപ്ടൺ അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകളിലും പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്.

# ഹോണ്ട ഇന്ത്യ 2024 ഇന്റർനാഷണൽ റേസിങ് ചാമ്പ്യൻഷിപ്പ്: ലൈനപ്പ് പ്രഖ്യാപിച്ചു

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ 2024 സീസണിലെ അന്താരാഷ്ട്ര മത്സരങ്ങൾക്കുള്ള സ്ക്വാഡിനെ പ്രഖ്യാപിച്ചു. ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യയിൽ നിന്നുള്ള നാല് റൈഡർമാരാണ് 2024 എഫ്ഐഎം ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പ് (എആർആർസി), തായ്ലൻഡ് ടാലന്റ് കപ്പ് (ടിടിസി), ഏഷ്യ ടാലന്റ് കപ്പ് (ടിടിസി) എന്നീ മത്സരങ്ങളിൽ ഏഷ്യയിലെമ്പാടുമുള്ള മത്സരാർഥികളെ നേരിടുക.2024 എആർസിസി സീസണിൽ എപി250സിസി ക്ലാസിൽ പങ്കെടുക്കുന്ന ഏക ഇന്ത്യൻ സംഘമായ ഹോണ്ട റേസിങിന് വേണ്ടി ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ് 2023ലെ ചാമ്പ്യനും യുവപ്രതിഭയുമായ കാവിൻ സമർ ക്വിന്റലാണ് മത്സരിക്കുക. 2023 ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിൽ 16ാം സ്ഥാനത്ത് താരം ഫിനിഷ് ചെയ്തിരുന്നു. 2022ലെ ഏഷ്യാ ടാലന്റ് കപ്പിലും കാവിൻ ഇന്ത്യയെ പ്രതിനിധീകരിച്ചിരുന്നു. 2023 ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിലെ സെക്കൻഡ് റണ്ണറപ്പായ മൊഹ്സിൻ പറമ്പനാണ് കാവിനൊപ്പം ഹോണ്ട ടീമിനായി ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിൽ മത്സരിക്കുക. 2023 എആർആർസിയിൽ ഹോണ്ട റേസിങ് ഇന്ത്യയെ പ്രതിനിധീകരിച്ച



ഈ മലയാളി താരം 30ാം സ്ഥാനത്തെത്തിയിരുന്നു.ഹോണ്ട റേസിങ് ഇന്ത്യയുടെ വളർന്നുവരുന്ന താരമായ രക്ഷിത് ഡാവെ 2024 ഏഷ്യാ ടാലന്റ് കപ്പിലും തായ്ലൻഡ് ടാലന്റ് കപ്പിലും അരങ്ങേറ്റം കുറിച്ച് ആദ്യ ഇൻർനാഷണൽ മത്സരത്തിനിറങ്ങും. 2023ലെ ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിൽ ഫസ്റ്റ് റണ്ണർഅപ്പ് സ്ഥാനം നേടിയ രക്ഷിത്തിനൊപ്പം, അഞ്ചാം സ്ഥാനക്കാരനായ ജോഹാൻ റീവ്സ് ഇമ്മാനുവൽ തായ്ലൻഡ് ടാലന്റ് കപ്പിൽ മാത്രമായി പങ്കെടുക്കും.2024 മാർച്ച് 15 മുതൽ 17 വരെ തായ്ലൻഡിലെ ചാങ് ഇന്റർനാഷണൽ സർക്യൂട്ടിലാണ് 2024 സീസണിന് തുടക്കം കുറിച്ചുള്ള ആദ്യ റൗണ്ട് മത്സരങ്ങൾ നടക്കുക.




# ലോകാരോഗ്യ സംഘടനയുടെ ടാപ് പദ്ധതി ഉദ്ഘാടനം നിർവഹിച്ചു

**തൃശൂർ:** ഇന്ത്യയിലെ സമ്പൂർണ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തിനായി സർക്കാർ നിരവധി പ്രവർത്തനങ്ങളാണ് കാഴ്ചവെയ്ക്കുന്നതെന്ന് മന്ത്രി ബിന്ദു. ലോകാരോഗ്യ സംഘടന ആവിഷ്കരിച്ച പഠന പരിപാടിയായ ട്രെയിനിംഗ് ഇൻ അസിസ്റ്റീവ് പ്രോഡക്റ്റ്സ് ഉദ്ഘാടനം നിർവഹിക്കുകയായി

രുന്നു മന്ത്രി. സഹായക സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കൾ, ഗ്രാമതല ആരോഗ്യ പ്രവർത്തകർ, വിദഗ്ദ്ധർ എന്നിവരെ പരിശീലിപ്പിക്കുന്നതിനായി നിപ്മറും, ഡബ്ലിയു എച്ച് ഒ യും ആളൂർ ഗ്രാമപഞ്ചായത്തുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഭിന്നശേഷി കുട്ടികൾക്ക് ഏറ്റവും നല്ല ചികിത്സാ സൗകര്യവും, പുനരധിവാസവും ശാക്തീകരണവും പരിശീലനവും നല്ല രീതിയിൽ ഏറ്റെടുത്ത് മുന്നോട്ടു പോവുകയാണ് സർക്കാർ. ടെക്നോളജിയുടെ സഹായത്തോടുകൂടി നിരവധി പുതിയ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. തെറാപ്പി, ആരോഗ്യ സുരക്ഷാ സൗകര്യങ്ങളും ഉള്ള സമ്പൂർണ ഭിന്നശേഷി സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാനും കഴിഞ്ഞിട്ടുണ്ട് എന്ന് മന്ത്രി കൂട്ടിച്ചേർത്തു. ഭിന്നശേഷി കുട്ടികളുടെ വളർച്ചയ്ക്കായി എല്ലാവിധ തെറാപ്പി സൗകര്യങ്ങളും തൊഴിൽ, വിദ്യാഭ്യാസം തുടങ്ങി ഭൗതിക സാഹചര്യങ്ങളും എല്ലാമുള്ള പുനരധിവാസ ഗ്രാമങ്ങൾ നിർമിക്കാൻ ഉദ്ദേശിക്കുന്നു. നാലിടങ്ങളിൽ പ്രാരംഭഘട്ടം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പദ്ധതി പ്രകാരം പരിശീലനം നൽകുന്ന അംഗൻവാടി വർക്കർമാർ, ആശാവർക്കർമാർ, പാലിയേറ്റീവ് കെയർ നഴ്സുമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ എന്നിവർ ഗുണഭോക്താക്കളെ പ്രാഥമികമായി വിലയിരുത്തുകയും, അവസാന വിലയിരുത്തൽ നിപ്മറിലെ പ്രൊഫഷണലുകൾ നിർവഹിക്കുകയും ചെയ്യും. ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് സഹായക ഉപകരണങ്ങൾ നൽകി പരിശീലനം നൽകും. ഇന്ത്യയിൽ ആദ്യമായാണ് ഒരു ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നത്. ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ചിട്ടുള്ള ടി എ പി പാഠാവലി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുള്ളത് നിപ്മറാണ്.

ആളൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ നിപ്മർ എക്സിക്യൂട്ടീവ് ഡയറക്ടർ സി ചന്ദ്രബാബു സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിഎസ് പ്രിൻസ് അധ്യക്ഷനായി. മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ എം വോക്ക് തൊഴിൽ പരിശീലനാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ലോകാരോഗ്യ സംഘടനയുടെ ലൂസി പന്നേൽ, താഷി ടോബ്ഗേ എന്നിവർ മുഖ്യ പ്രഭാഷണം നടത്തി . മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യ നൈസൺ, ആളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ ആർ ജോജോ, ഇൻസ്റ്റിറ്റ്യൂഷൺ എത്തിക്സ് കമ്മിറ്റി ചെയർമാൻ ഡോ. വി രാമൻ കുട്ടി, നാഷണൽ പ്രൊഫഷണൽ ഓഫീസർ ഡോ. ബി മുഹമ്മദ് അഷീൽ, ടെക്നിക്കൽ ഓഫീസർ ഡോ. മുഹമ്മദ് അമീൽ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ടി.വി ശ്രീദേവി, അക്കാദമിക്സ് ആന്റ് ടെക്നിക്കൽ ഡയറക്ടർ റിതു ഘോഷ്, ആളൂർ ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ മേരി ഐസക്, കൊച്ചുത്രേസ്യ ദേവസി, ആളൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ഇവാസ് കാതറിൻ, നിപ്മർ സോഷ്യൽ വർക്ക് വകുപ്പ് മേധാവി സി.എസ് ശ്രീജ തുടങ്ങിയവർ സംസാരിച്ചു

# ഡൽഹി തൂഫാൻസിന് ആദ്യജയം

**ചെന്നൈ:** റൂപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23യുടെ മൂന്നാം സീസണിലെ സൂപ്പർ ഫൈവ്സ് മത്സരങ്ങളിൽ ആദ്യജയം ഡൽഹി തൂഫാൻസിന്. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ നേരിട്ടുള്ള സെറ്റുകൾക്കാണ് ലീഗ്ഘട്ടത്തിലെ രണ്ടാം സ്ഥാനക്കാരായ ഡൽഹി തൂഫാൻസ്, ബെംഗളൂരു ടോർപ്പിഡോസിനെ തോൽപ്പിച്ചത്. സ്കോർ: 1513, 1816, 1715. സന്തോഷാണ് കളിയിലെ താരം. ഇന്ന് (ചൊവ്വ) വൈകിട്ട് 6.30ന് നടക്കുന്ന മത്സരത്തിൽ ബെംഗളൂരു ടോർപ്പിഡോസ് അഹമ്മദാബാദ് ഡിഫൻഡേഴ്സിനെ നേരിടും. തുടക്കത്തിൽ മുന്നേറിയ അഹമ്മദാബാദ് മൂന്നാം സ്ഥാനക്കാരായാണ് ലീഗ് റൗണ്ട് പൂർത്തിയാക്കിയത്. നാലാം സ്ഥാനത്തായിരുന്നു



ബെംഗളൂരിന്റെ ഫിനിഷിങ്. ലീഗ് റൗണ്ടിൽ ആദ്യ സ്ഥാനങ്ങളിലും അഞ്ച് ടീമുകളാണ് സൂപ്പർ ഫൈവ്സ് റൗണ്ടിൽ പരസ്പരം ഏറ്റുമുട്ടുന്നത്. മത്സരങ്ങൾ സോണി സ്പോർട്സ് നെറ്റ്വർക്കിലും സോണി ലിവിലും തത്സമയം കാണാം.

# ക്രിസ്റ്റൽ ഇൻറഗ്രേറ്റഡ് സർവീസസ് ലിമിറ്റഡ് ഐപിഒ മാർച്ച് 14 മുതൽ

**കൊച്ചി:** ക്രിസ്റ്റൽ ഇൻറഗ്രേറ്റഡ് സർവീസസ് ലിമിറ്റഡിൻറെ ഐപിഒ 2024 മാർച്ച് 14 മുതൽ 18 വരെ നടക്കും. 175 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 1,750,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 680 രൂപ മുതൽ 715 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 20 ഓഹരികൾക്കും തുടർന്ന് 20 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഇംഗ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# നഴ്സിംഗ് പ്രവേശന പരീക്ഷ; സൗജന്യ പരിശീലനം

**തൃശൂർ:** കേരളത്തിൽ നടത്താൻ പോകുന്ന പ്രഥമ നഴ്സിംഗ് പ്രവേശന പരീക്ഷയെ സംബന്ധിച്ച് വിദ്യാർഥികളിൽ അവബോധം ഉണ്ടാക്കുന്നതിന് സ്കിൽ സെന്ററിന്റെ നേതൃത്വത്തിൽ സൗജന്യ പരിശീലനവും മാർഗനിർദേശവും നൽകുന്നു. നഴ്സിംഗ് കൗൺസിലിന്റെ നിർദ്ദേശാനുസരണം അടുത്ത അധ്യയനവർഷം മുതൽ പ്രവേശനം പൂർണമായും പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും. താൽപ്പര്യമുള്ളവർ 8971118967 നമ്പറിൽ വാട്ട്സ് ആപ്പ് സന്ദേശം അയക്കുകയോ skillcetnre@rediffmail.com മെയിലിൽ ആവശ്യപ്പെടുകയോ ചെയ്താൽ പരിശീലനത്തിനുള്ള നിർദിഷ്ട അപേക്ഷയുടെ ലിങ്ക് അയക്കും. അവസാന തിയതി മാർച്ച് 30. ഓൺലൈനായും നേരിട്ടും മാർഗനിർദ്ദേശക ക്യാമ്പ് സംഘടിപ്പിക്കും. അപേക്ഷ ഫീസ് നൽകേണ്ടതില്ല.

